**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1020** **25.01.2018 ലെ മറുപടി**

**<u>തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം</u>**

| <u>ചോദ്യം</u><br>**ശ്രീ.വി.ഡി.സതീശൻ** | <u>മറുപടി</u><br>**മാത്യു ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
|---|---|
| എ) സംസ്ഥാനത്ത് തീരദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | എ ) തിരുവനന്തപുരം ജില്ലയിൽ തീരദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ 2017-18 ബജറ്റിൽ രണ്ടു പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. എൻജിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.<br><br>1. ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള 86 കോടി രൂപയുടെ കുടിവെള്ളപദ്ധതി<br><br>2. ചിറയിൻകീഴ് മണ്ഡലത്തിലെ തീരപ്രദേശങ്ങൾക്കു വേണ്ടിയുള്ള 18.28 കോടി രൂപയുടെ കുടിവെള്ളപദ്ധതി<br><br>അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം നഗരത്തിലെ ശുദ്ധജലവിതരണ പദ്ധതി ഘട്ടം 1 നും കിഫ്ബിയിൽ ഘട്ടം 2 നും യഥാക്രമം 78.25 കോടി രൂപയുടെയും 235 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കൊല്ലം തീരദ്ദേശത്തെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകുന്നതാണ്.<br><br>തൃശ്ശൂർ ജില്ലയിലെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br><br>1. ഒരുമനയൂർ പഞ്ചായത്തിലെ 330 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിന് ലോക ബാങ്കിന്റെ സഹായത്തോടുകൂടി KLGSDP പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>2. നാട്ടിക ഫിർക്ക ശുദ്ധജലവിതരണ |

പദ്ധതിയുടെ പുനരുദ്ധാരണം എന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി 31.12.2020 ൽ പൂർത്തീകരിക്കാനാകുമെന്ന് കരുതുന്നു.

3. KSCADC ധനസഹായത്തോടെ വാടാനപ്പിള്ളി തീരദേശ ഗ്രാമപഞ്ചായത്തിൽ മത്സ്യ ഗ്രാമപദ്ധതി നടത്തുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.

കണ്ണൂർ ജില്ലയുടെ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി KSCADC എടക്കാട്, മുഴപ്പിലങ്ങാട് മത്സ്യഗ്രാമ കുടിവെള്ള പദ്ധതി വിപുലീകരണ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | പല വിദേശ രാജ്യങ്ങളിലും നടപ്പിലാക്കിയിട്ടുള്ള കടൽ വെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതിയുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പരിശോധിച്ചത്; | ബി & സി) | പ്രസ്തുത പദ്ധതിയുടെ സാധ്യത പരിശോധിച്ചിട്ടില്ല. |
| സി) | അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ